B2/188/2020-CLAD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**സാംസ്കാരികകാര്യവകുപ്പ് - പുരാരേഖാ വകുപ്പിൽ അസിസ്റ്റന്റ് കൺസർവേഷൻ ഓഫീസർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

സാംസ്കാരികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.152/2024/CLAD തീയതി,തിരുവനന്തപുരം, 15-03-2024

പരാമർശം:-
1. സ.ഉ(പി)നം. 28/2016/ധന. തീയതി : 26.02.2016
2. സ.ഉ(പി)നം. 56/2017/ധന. തീയതി : 28.04.2017
3. സ.ഉ(പി)നം. 112/2018/ധന. തീയതി : 21.07.2018
4. സ.ഉ(പി)നം. 81/2019/ധന. തീയതി : 09.07.2019
5. സ.ഉ(പി)നം. 29/2021/ധന. തീയതി : 11.02.2021
6. സ.ഉ(സാധാ.)നം.265/2023/സാം.കാ.വ തീയതി : 26.05.2023
7. പുരാരേഖാ വകുപ്പ് ഡയറക്ടറുടെ 17.10.2023, 21.02.2024 തീയതികളിലെ ഇ1-11883/2023/എസ്.എ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന പുരാരേഖാ വകുപ്പ് ഡയറക്ടറേറ്റിലും മേഖലാ ഓഫീസുകളിലുമായി സൂക്ഷിച്ചുവരുന്ന 14-ാം നൂറ്റാണ്ടു മുതലുള്ള മുളക്കരണങ്ങൾ, ചെപ്പേടുകൾ, താളിയോലകൾ, പേപ്പർ റിക്കാർഡുകൾ തുടങ്ങിയ ചരിത്രരേഖകളുടെ ശാസ്ത്രീയസംരക്ഷണപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചുവരുന്നതും ഇതിലേക്കായി വാങ്ങുന്ന രാസപദാർത്ഥങ്ങളുടെ കൈകാര്യച്ചുമതല നിർവ്വഹിക്കുന്നതും പരാമർശം (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന അസിസ്റ്റന്റ് കൺസർവേഷൻ ഓഫീസർമാരാണ്. ഇവരുടെ കരാർ കാലാവധി 07.11.2023 തീയതിയിൽ അവസാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് ഇവരുടെ സേവനം അനിവാര്യമായതിനാൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം നടക്കുന്നത് വരെ ഒരു വർഷത്തേക്ക് കൂടി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (8) പ്രകാരം പുരാരേഖാ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുരാരേഖാ വകുപ്പിൽ അസിസ്റ്റന്റ് കൺസർവേഷൻ ഓഫീസർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി അമൃത ജി. എസ്, ശ്രീമതി സുജ എസ്.നായർ എന്നിവരുടെ കരാർ കാലാവധി, പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സ്ഥിരപ്പെടുത്തുന്നതിനുള്ള

അവകാശവാദം ഉന്നയിക്കില്ല എന്ന നിബന്ധനയ്ക്കും വിധേയമായി, 09.11.2023 മുതൽ ഈ തസ്തികകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതുവരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, പുരാരേഖാ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, ഐ & പി.ആർ.ഡി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Bijeesh B Gopan
Date: 16-03-2024 10:52:33
സെക്ഷൻ ഓഫീസർ